ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ആക്സിഡൻറുണ്ടാകുന്നത് ഇതുകൊണ്ടല്ല. വാഹനങ്ങളുടെ റഷ് ആണ് അതിനു പ്രധാന കാരണം. സമയത്തിൽ മാറ്റം വരുത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ഫിലിം അവാർഡുകൾ

*448 [472] ശ്രീ. വക്കം പുരുഷോത്തമൻ:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. കെ. പി. ഗംഗാധരൻ:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഫിലിം അവാർഡുകൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ ചിത്രങ്ങൾ സമർപ്പിക്കപ്പെട്ടിരുന്നുവോ;

(ബി) അവാർഡുകൾ പ്രഖ്യാപിച്ചത് എന്നാണ്;

(സി) ഏതെല്ലാം ചിത്രങ്ങൾക്ക് അവാർഡു നൽകി;

(ഡി) ആരെല്ലാം അവാർഡിന് അർഹരായി;

(ഇ) ബെസ്റ്റ് ഫീച്ചർ ഫിലിമിനുള്ള അവാർഡ് രണ്ടു ചിത്രങ്ങൾക്കായി നൽകിയതിൻെറ കാരണമെന്ത്;

(എഫ്) റിലീസ് ചെയ്യാത്ത ചിത്രത്തിന് അവാർഡ് പ്രഖ്യാപിക്കരുതെന്ന് നിർദ്ദേശിക്കുമോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) സമർപ്പിച്ചിരുന്നു.

(ബി) 15.2.1979

(സി, ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) രണ്ടു ചിത്രങ്ങളും ഒന്നാം സ്ഥാനത്തിന് അർഹമാണെന്ന് ജഡ്ജിംഗ് കമ്മിറ്റി ഏകകണ്ഠമായി അഭിപ്രായപ്പെട്ടതുകൊണ്ടാണ്.

(എഫ്) നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ഒരു കലണ്ടർ വർഷത്തിൽ (ജനുവരി 1 മുതൽ ഡിസംബർ 31 വരെ) സെൻസർ ചെയ്ത ചലച്ചിത്രങ്ങളാണ് അക്കൊല്ലത്തെ സ്റ്റേറ്റ് അവാർഡുകൾക്ക് പരിഗണിക്കപ്പെടാൻ അർഹമാകുക.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: എ - ചോദ്യത്തിൻെറ മറുപടി എന്താണെന്നു മനസ്സിലായില്ല.

ശ്രീ. എസ്. വരദരാജൻ നായർ: ഈ വർഷത്തെ ഫിലിം അവാർഡുകൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ ചിത്രങ്ങൾ സമർപ്പിക്കപ്പെട്ടിരുന്നോ എന്നാണ് ചോദ്യം. സമർപ്പിക്കപ്പെട്ടിരുന്നു എന്ന് ഉത്തരം.

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: അവാർഡു കൊടുക്കുന്നതിന് എന്തെങ്കിലും പ്രത്യേക മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതെന്താണ്?

ശ്രീ. എസ്. വരദരാജൻ നായർ: മാനദണ്ഡങ്ങളൊന്നും പ്രത്യേകമായി ഇല്ല. എങ്കിലും അതാതിനു പറ്റിയ, ഓരോ വിഭാഗത്തിലുംപെട്ട ആളുകളെ ഉൾക്കൊള്ളുന്ന ഒരു ജഡ്ജിംഗ് കമ്മിറ്റിയാണ് അവാർഡു കൊടുക്കുന്നതിനെപ്പറ്റി തീരുമാനമെടുക്കുന്നത്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: അശ്ലീല ചിത്രങ്ങളെ പ്രദർശിപ്പിക്കുന്നതു നിരുൽസാഹപ്പെടുത്തുമെന്നു ഗവൺമെന്റ് പ്രഖ്യാപിച്ച ശേഷവും ഇപ്പോഴും പുറത്തിറങ്ങുന്ന പല ചിത്രങ്ങളും കുടുംബസമേതം കാണാൻ കൊള്ളാവുന്നതല്ലെന്നുള്ളതു പരിഗണിച്ച് ഈ മാതിരി ചിത്രങ്ങളെ നിരുൽസാഹപ്പെടുത്താൻ കർശനമായ നടപടി എടുക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: അശ്ലീല ചിത്രങ്ങളും അവാർഡു കൊടുക്കുന്നതുമായി വലിയ ബന്ധമൊന്നുമില്ല. അത് വേറെ കാര്യമാണ്.

ശ്രീ. പി. ജെ. തോമസ്: കേരളത്തിൽ സിനിമാ നിർമ്മാണ വ്യവസായം പ്രോൽസാഹിപ്പിക്കാൻ വേണ്ടി കേരളത്തിൽ തന്നെ നിർമ്മിക്കുന്ന ഫിലിമുകൾക്ക് അവാർഡു കൊടുക്കുന്നതിന് പ്രത്യേകമായ നിബന്ധന ഏർപ്പാടു ചെയ്യുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ഇന്നത്തെ ചട്ടങ്ങളിൽ അതു നിലവിലില്ല.

ശ്രീ. എൻ. പി. മൊയ്തീൻ: ഫിലിം അവാർഡു കമ്മിറ്റി എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്, അതിലേതെങ്കിലും ഇതിനകം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ; ജഡ്ജിംഗ് കമ്മിറ്റി ചില നിർദ്ദേശങ്ങൾ ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്; അത് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയും ആണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: അവാർഡിനു സമർപ്പിക്കപ്പെട്ട ചിത്രത്തിൽ 'അവളൊരു നാടോടി' എന്ന ചിത്രവും ഉണ്ടായിരുന്നു. ഈ സംസ്ഥാന നിയമസഭയിലെ ഒരു പ്രമുഖാംഗംകൂടി അഭിനയിച്ച ആ ചിത്രത്തിന് ഒരു പ്രോൽസാഹന സമ്മാനമെങ്കിലും കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ഞാൻ ജഡ്ജിംഗ് കമ്മിറ്റിയിലില്ല. ജഡ്ജിംഗ് കമ്മിറ്റി തീരുമാനിക്കുന്ന ചിത്രത്തിനാണ് അവാർഡു കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ്തോസ്: ഫിലിം അവാർഡുകൾക്ക് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളതു സംബന്ധിച്ച് പല ആക്ഷേപങ്ങളും നിലവിലുണ്ട്. അത് പത്രത്തിലൊക്കെ വരാറുമുണ്ട്. കേന്ദ്ര ബഡ്ജറ്റിൽ തുണിക്ക് നികുതികൂടി കൂട്ടിയിരിക്കുന്ന സ്ഥിതിക്ക് ഏറ്റവും കുറച്ച് തുണി മാത്രം ഉപയോഗിച്ച് അഭിനയിക്കുന്ന ചിത്രങ്ങൾക്കുകൂടി അവാർഡ് കൊടുക്കുക എന്ന ഒരു പുതിയ മാനദണ്ഡംകൂടി സ്വീകരിക്കാമോ?

ശ്രീ. എസ്. വരദരാജൻ നായർ: അടുത്ത കൊല്ലത്തെ ജഡ്ജിംഗ് കമ്മിറ്റിയുടെ പരിഗണനക്ക് വയ്ക്കാം.

ശ്രീ. പി. ആർ. കുറുപ്പ്: ജഡ്ജിംഗ് കമ്മിറ്റിയിലെ അംഗങ്ങളാരൊക്കെയാണ്; ഏതടിസ്ഥാനത്തിലാണ് അവരെ തിരഞ്ഞെടുത്തിട്ടുള്ളത്?

ശ്രീ. എസ്. വരദരാജൻ നായർ: ചെയർമാൻ ഡോ. കെ. എം. ജോർജാണ്. അദ്ദേഹം സാഹിത്യ അക്കാഡമിയിലെ അഡീഷണൽ സെക്രട്ടറി ആയിരുന്നു. മലയാളം സർവ്വ വിജ്ഞാന കോശം ചീഫ് എഡിറ്ററായിരുന്നു. 1966-ൽ സെൻസർ ബോർഡിന്റെ അവാർഡു കമ്മിറ്റി ചെയർമാനായിരുന്നു. അഞ്ചുവർഷക്കാലം ഫിലിം സെൻസർ ബോർഡിലെ റീജിയണൽ കമ്മിറ്റിയംഗമായിരുന്നു. അങ്ങനെ ഓരോ ആളേയും പ്രത്യേകം പ്രത്യേകം യോഗ്യത നോക്കിയാണ് എടുക്കുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി: ജഡ്ജിംഗ് കമ്മിറ്റി ഗവൺമെന്റിന്റെ മുമ്പിൽവച്ച നിർദ്ദേശങ്ങൾ പരിഗണിക്കുന്നു എന്നു പറഞ്ഞു എന്തൊക്കെയാണ് പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ?

ശ്രീ. എസ്. വരദരാജൻ നായർ: അതിപ്പോൾ കൈവശമില്ല. വേണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് അയച്ചുതരാം.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ കമ്മിറ്റിയിൽ സാങ്കേതികമായ പ്രൊഫഷ്യനുള്ള ആരെല്ലാമുണ്ട്?

ശ്രീ. എസ്. വരദരാജൻ നായർ: സാങ്കേതികം എന്നുള്ളതിന്റെ അർത്ഥം എന്തെല്ലാമാണെന്ന് അറിഞ്ഞുകൂടാ.

മി. സ്പീക്കർ: അതു കുറെ വിപുലമാണ്.

ശ്രീ. എസ്. വരദരാജൻ നായർ: ഈ കമ്മിറ്റിയിലെ ഒരംഗം ഒരു ചിത്രത്തിന്റെ പ്രൊഡ്യൂസറും ഡയറക്ടറും ആയിരുന്നു.

ശ്രീ. ഇ. അഹമ്മദ്: എല്ലാ ചിത്രവും ജഡ്ജിംഗ് കമ്മിറ്റിയുടെ മുമ്പിൽ സമർപ്പിച്ചിട്ടില്ലെന്നു പറഞ്ഞു. പല ചിത്രവും അവയുടെ നിർമ്മാതാക്കൾ മനഃപൂർവ്വം സമർപ്പിക്കാതിരുന്നതിന് പ്രത്യേക കാരണം വല്ലതുമുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: അവാർഡ് കിട്ടുകയില്ലെന്നുറപ്പുള്ളതുകൊണ്ടായിരിക്കാം.

ശ്രീ. എം. വി. രാഘവൻ: അവാർഡുകളുടെ പേരിൽ ഒരു അവാർഡു നൈറ്റും ഉണ്ട്. അതൊരു ആഭാസമാണ്. അതിനു നിർബന്ധമായി പിരിവും ഉണ്ട്. ഇതു സംബന്ധിച്ച് വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ? അവാർഡുനൈറ്റ് എന്ന ആഭാസം വേണ്ടെന്നു വയ്ക്കാൻ നടപടിയെടുക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: നടപ്പു വർഷത്തിൽ അവാർഡു നൈറ്റ് നടത്തിയത് കണ്ണൂരിലാണ്. അതു സംബന്ധിച്ച് യാതൊരു പരാതിയും സർക്കാരിനു ലഭിച്ചിട്ടില്ല. അവാർഡു നൈറ്റായിത്തന്നെ നടത്തണമോ അതോ മറ്റു വിധത്തിൽ നടത്തണമോ എന്നുള്ളതും സജീവമായ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. കെ. ജെ. ചാക്കോ: ഇക്കൊല്ലത്തെ ഫിലിം അവാർഡു നിർണ്ണയത്തിന് മുൻ ഫിലിം അവാർഡു കമ്മിറ്റി പ്രതിനിധികളെയോ ചലച്ചിത്ര വ്യവസായ പ്രതിനിധികളെയോ വിളിച്ചിരുന്നില്ലെന്നു കേൾക്കാനിടയായി. അവരെ ഒഴിച്ചു നിർത്താനെന്താണു കാരണം?

ശ്രീ. എസ്. വരദരാജൻ നായർ: ഈ അവാർഡു പ്രഖ്യാപിച്ചതിനുശേഷം അങ്ങനെയൊരു പരാതി ലഭിച്ചിരുന്നു എന്നുള്ളതു ശരിയാണ്. ഇതുമായി ബന്ധമുള്ള ആളുകൾ പടം നല്ലതാണോ ചീത്തയാണോ എന്നു തീരുമാനിക്കുന്ന കമ്മിറ്റിയിൽ ഉണ്ടായിരിക്കുന്നത് അത്ര ശരിയായിരിക്കുകയില്ലെന്നു വിചാരിച്ചിട്ടാണ് പരോക്ഷമായി ബന്ധമുള്ളതും തക്ക യോഗ്യതയുള്ളതും എന്നാൽ പ്രത്യക്ഷമായി ബന്ധമില്ലാത്തതുമായ ആളുകളെ നിയമിച്ചത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഇക്കൊല്ലം എത്ര ചിത്രങ്ങളാണ് സമർപ്പിക്കപ്പെട്ടിരുന്നത്, അത് ഏതൊക്കെയാണ്?

ശ്രീ. എസ്. വരദരാജൻ നായർ: സമർപ്പിക്കപ്പെട്ട ചിത്രങ്ങളുടെ പേര് കൈവശമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ജഡ്ജിംഗ് കമ്മിറ്റി ഈ അവാർഡുകൾ പ്രഖ്യാപിച്ചു കഴിഞ്ഞതിനുശേഷം ഓരോ കൊല്ലവും ശക്തമായ ആക്ഷേപങ്ങൾ കേൾക്കാറുണ്ട്. അതു പരിഹരിക്കാൻ വല്ല നിർദ്ദേശവും സമർപ്പിക്കപ്പെട്ടിട്ടുണ്ടോ? ഓരോ കൊല്ലവും ജഡ്ജിംഗ് കമ്മിറ്റിയെ മാറ്റി നിശ്ചയിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: താരതമ്യേന ഇക്കൊല്ലം അതു സംബന്ധിച്ച പരാതികൾ കുറവായിരുന്നു. എങ്കിലും ഓരോരുത്തരും അവരവരുടെ അഭിരുചിക്കനുസരിച്ച് അഭിപ്രായങ്ങൾ പറയുക സ്വാഭാവികമാണ്. എനിക്ക് നല്ലതായിട്ട് തോന്നുന്നത് വേറൊരാൾക്ക് നല്ലതാണെന്ന് തോന്നി എന്നു വരികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കരുണാകരൻ: ഇപ്രാവശ്യം അവാർഡിന് അയച്ച ചിത്രങ്ങളിൽ പ്രതിപക്ഷത്തെ ഒരു എം. എൽ. എ. അഭിനയിച്ച ചിത്രവും ഭരണ കക്ഷിയിലെ ഒരു എം. എൽ. എ. അഭിനയിച്ച ചിത്രവും ഉണ്ടായിരുന്നു. എന്നാൽ ഭരണ കക്ഷിയിലെ എം. എൽ. എ. അഭിനയിച്ച ചിത്രത്തിന് അവാർഡ് കിട്ടി എന്നാണ് അറിയുന്നത്. ഭരണകക്ഷിയുടെ സ്വാധീനം ഈ അവാർഡു നിർണ്ണയത്തിൽ ചെലുത്തിയിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ആ അറിവ് ശരിയാണോ എന്ന് അറിയില്ല. അങ്ങനെ യാതൊരുവിധത്തിലും സ്വാധീനിച്ചിട്ടില്ല എന്നു തീർത്തു പറയാൻ കഴിയും.

ശ്രീ. പി. ബി. ആർ. പിള്ള: ഫിലിം അവാർഡു നിർണ്ണയിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ ലഭിച്ചിരുന്നോ ലഭിച്ചിട്ട് എത്ര നാളായി? ആ ശുപാർശകളെ സംബന്ധിച്ച് ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ? അതിൽ ഏതെല്ലാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു? എന്നു നടപ്പാക്കും?

ശ്രീ. എസ്. വരദരാജൻ നായർ: അതു പരിഗണനയിൽ ഇരിക്കുന്നുവെന്നു പറഞ്ഞാൽ തന്നെ പഠിക്കുന്നു എന്നാണ് അർത്ഥം. പഠിച്ചു കൊണ്ടിരിക്കുകയാണ്, അതു സംബന്ധിച്ച തീരുമാനം അടുത്തു തന്നെ ഉണ്ടാകും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഈ ഭരണകക്ഷി എം. എൽ. എ. മാരും പ്രതിപക്ഷ എം. എൽ. എ. മാരും അഭിനയിച്ചുവെന്നു പറഞ്ഞു. ആരൊക്കെയാണ് അഭിനയിച്ചത്? അവരെ പ്രോൽസാഹിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ പരീക്ഷാ വിഭാഗത്തിൽ വനിതാ ജീവനക്കാരെ നിയമിക്കാനുള്ള നടപടി

*449 [473] ശ്രീ. ടി. കെ. അബ്ദു:

ശ്രീ. എൻ. വാസുദേവൻ പിള്ള:

ശ്രീ. പി. ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ പരീക്ഷാ വിഭാഗത്തിൽ വനിതാ ജീവനക്കാരെ നിയമിക്കുവാൻ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ നടപടി മൂലം എത്ര വനിതാ ജീവനക്കാരെ നിയമിച്ചു എന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[പ്രാദ്യം നമ്പർ *448 (472) കാണുക.]

GOVERNMENT OF KERALA

ABSTRACT

Kerala State Award for Malayalam Films 1978— Recommendation of the Judging Committee— Approved.

GENERAL ADMINISTRATION (PUBLIC RELATIONS-C) DEPARTMENT

G.O.Rt. 47/79/PR. Dated, Trivandrum, 22.2.1979.

Read:—G.O. Rt. 24/79/PR. dated 23.1.1979.

ORDER

The Judging Committee for the Kerala State Award for Malayalam Films 1978, constituted as per the G.O. cited has, after screening the entry films, recommended the following films Artists and technicians for the Kerala State Award for 1978:

1.	Award for the best feature film	Aswathama - Bandhanam
2.	Award for the Second best feature film	Thamp
3.	Award for excellence in direction	Aravindan
4.	Award for the best Actor of the year	Sukumaran
5.	Award for the best Actress of the year	Sobha
6.	Award for the best supporting role of the year (Male)	Balan K. Nair
7.	Award for the best supporting role of the year (Female)	K.P.A.C. Lalitha
8.	Award for the best child Artist of the year	Manohar
9.	Award for the best Story writer of the year	M.T. Vasudevan Nair
10.	Award for excellence in Cinematography (Black and white)	Madhu Ambat
11.	Award for excellence in Cinematography (Colour)	Ramachandra Babu
12.	Award for the best Screen play of the year	Padmarajan
13.	Award for the best Lyricist of the year	Kavalam Narayan Panicker
14.	Award for excellence in Music direction	M.B. Sreenivasan

LIBRARY ARCHIVES Kerala Legislative Assembly

15.	Award for the best male play-back singer of the year	Jayachandran
16.	Award for the best female play-back singer of the year	Maduri
17.	Award for the best film editor of the year	Raman Nair
18.	Award for the excellence in Art Direction	C.N. Karunakaran
19.	Award for the best Sound Recordist of the year	Devadas
20.	Award for the best documentary film	Mahakavi Vallathol
21.	Award for the best Children's film	Ammuvinte Attinkutty
22.	A special award for the best Malayalam film with aesthetic quality and popular appeal	Rappadikalude Gatha
23.	Special Award to outstanding brilliance in any aspect of cinematic Art	V.K. Pavithran

Government are pleased to approve the recommendations of the Judging Committee and they order accordingly.

(By order of the Governor)
K. ASOKAN,
(Deputy Secretary)

LIBRARY ARCHIVES Kerala Legislative Assembly